(ബി) ഈ പ്രവർത്തി എന്നു പൂർത്തിയാക്കും ;

(സി) പണിപൂർത്തിയാക്കി കണക്ഷൻ കൊടുക്കാൻ എത്ര പോസ്റ്റുകൾ വേണ്ടി വരും ;

(ഡി) കണക്ഷൻ എന്നു കൊടുക്കുവാൻ കഴിയുമെന്നു വെളിപ്പെടുത്താമോ ?

ഉത്തരം

(എ) 21-6-1980-ൽ.

(ബി) ലൈൻ വലിച്ചു കഴിഞ്ഞ് സർവീസ് കണക്ഷൻ നൽകാൻ ആവശ്യമായ പോസ്റ്റുകളുടെ ദൗർലഭ്യമാണ് കാലതാമസത്തിനുള്ള കാരണം. പോസ്റ്റുകൾ വാർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പോസ്റ്റുകൾ ലഭിച്ചുകഴിഞ്ഞാലുടൻ മുൻഗണനാക്രമമനുസരിച്ച് കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) 250 പോസ്റ്റുകൾ.

(ഡി) ഈ സാമ്പത്തിക വർഷംതന്നെ പണി പൂർത്തിയാക്കാമെന്നാണ് പ്രതീക്ഷ.

വിദ്യുച്ഛക്തി കണക്ഷൻ നൽകാനായി പ്രത്യേക പദ്ധതി

205. [257] ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദ്യുച്ഛക്തി കണക്ഷനുവേണ്ടി അപേക്ഷിച്ചവർക്ക് കണക്ഷൻ നൽകാനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഗവൺമെന്റിന് ഉദ്ദേശമുണ്ടോ ;

(ബി) കണക്ഷനുകൾ നൽകുമ്പോൾ മിനിമം ഗ്യാരണ്ടി വച്ചവർക്കും കണക്ഷനുവേണ്ടി അപേക്ഷിച്ചവർക്കും മുൻഗണനാക്രമത്തിൽ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യത്തിന് പ്രത്യേക പദ്ധതികൾ ആവശ്യമില്ല. കുടിശ്ശികയായി കിടക്കുന്ന ഒന്നരലക്ഷം കണക്ഷനുകൾ നടപ്പുവർഷംതന്നെ കൊടുത്തു തീർക്കാൻ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

എരണിക്കൽ-വലിയതുരുത്തി വൈദ്യുതി ലൈൻ നീട്ടുവാൻ നടപടി

206. [258] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട എരണിക്കൽ സെക്ഷനിലെ എരണിക്കൽ വലിയതുരുത്തി വൈദ്യുതി ലൈൻ നീട്ടുന്നതിനുള്ള പ്രവർത്തനത്തിനുള്ള ഭരണാനുമതി എന്നാണ് നൽകിയത് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഈ പ്രവർത്തനം നടത്തുന്നതിന് ടെൻഡർ വിളിച്ചുകഴിഞ്ഞുവോ ;

(സി) എങ്കിൽ പണി എന്ന് പൂർത്തിയാകുമെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly